പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1304

4.12.2014ൽ മറുപടിയ്ക്ക്

## കയർഫെഡിന്റെ ബൈലോ ഭേദഗതി നിർദേശത്തിൻമേലുള്ള നടപടി.

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക്. | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| **(എ)** കയർഫെഡിൽ സഹകരണ നിയമ ഭേദഗതിക്കനുസരണമായി വനിതാ സംവരണ മണ്ഡലങ്ങളുടെ എണ്ണം ഒന്നിൽ നിന്ന് മൂന്നാക്കി ഉയർത്താൻ കയർഫെഡിന്റെ പൊതുയോഗം ചേർന്ന് ബൈലോ ഭേദഗതി ചെയ്ത് അംഗീകാരത്തിനായി സഹകരണ രജിസ്ട്രാർക്ക് അപേക്ഷ നൽകിയത് ഏത് തീയതിയിലായിരുന്നു; | **(എ)** കയർഫെഡിന്റെ പ്രസ്തുത ബൈലോ ഭേദഗതിക്കായുള്ള അപേക്ഷ ആലപ്പുഴ കയർ പ്രോജക്ട് ഓഫീസർക്ക് 10/11/2014 ൽ ലഭിച്ചു. പ്രോജക്ട് ഓഫീസറുടെ ശുപാർശ കത്തോടെ ടി അപേക്ഷ 25/11/2014 ൽ രജിസ്ട്രാറായ കയർ വികസന ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടു ണ്ട്. |
| **(ബി)** സഹകരണ നിയമ വ്യവസ്ഥയനുസരിച്ച് എത്ര ദിവസത്തിനകം ബൈലോ ഭേദഗതി നിർദ്ദേശത്തിന്മേൽ രജിസ്ട്രാർക്ക് തീരുമാനം എടുക്കേണ്ട തായിട്ടുണ്ട്; നിശ്ചിത തീയ്യതിക്കകം രജിസ്ട്രാർ തീരുമാനം എടുക്കുകയുണ്ട ായോ; ഇല്ലെങ്കിൽ കാരണം എന്ത് ; | **(ബി)** സഹകരണ നിയമവും ചട്ടവും അനുസരിച്ച് ബൈലോ ഭേദഗതി അപേക്ഷയിന്മേൽ 90 ദിവസത്തിനകം രജിസ്ട്രാർ തീരുമാനം എടുക്കേണ്ട തുണ്ട്. 25/11/14 ൽ ആണ് കയർഫെഡിന്റെ ബൈലോ ഭേദഗതിയ്ക്കായുള്ള അപേക്ഷ രജിസ്ട്രാർക്ക് ലഭിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷ രജിസ്ട്രാർ പരിശോധിച്ചു വരുന്നു. |
| **(സി)** തീരുമാനം സമയബന്ധിതമായി എടുക്കാത്തതിനെതിരെ കയർഫെഡിൽ നിന്നും ഹർജി ലഭിച്ചിരുന്നുവോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഭേദഗതി നിർദ്ദേശത്തിന്മേൽ നിശ്ചിത സമയത്തിനകം തീരുമാനം എടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) ഇതു സംബന്ധിച്ച് കയർഫെഡിൽ നിന്നും ഹർജിയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ